**ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായുള്ള അപേക്ഷ**

**88 (2582)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഏതെല്ലാം പ്രവൃർത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

ചാലക്കുടിപ്പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച് ബഹു. ചാലക്കുടി എം.എൽ.എ.യുടെ അപേക്ഷപ്രകാരം 3 പ്രവൃത്തികൾ ജില്ലാതല വിദഗ്ധ സമിതി യോഗം അംഗീകരിച്ചിട്ടുള്ളതും സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പ്രവൃത്തികൾ അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ പരിഗണിക്കുന്നതാണ്.

പ്രവൃത്തിയുടെ വിശദാംശം

1. Protection works to the eroded left bank of Chalakudy river near vattukayam in Meloor Panchayath.

2. Protection works to the eroded left bank of Chalakudy river downstream of NH bridge near Kannampuzha Bhagavathi Temple and construction of Kadavu in Chalakudy Municipality.

3. Protection works to the eroded right bank of Chalakudy river near kappela kadavu and construction of Kadavu and drain in Pariyaram Panchayath.

**പള്ളിക്കാമണ്ണടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി**

**89 (2583)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടിപാലം അപ്രോച്ച് റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്നാണ് ആരംഭിച്ചത് ; ഇപ്പോൾ എത്ര വർഷമായി ;

LIBRARY ARCHIVES Kerala Legislative Assembly